(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

മരുന്നുകൾ വാങ്ങുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം

*4 [3] *ശ്രീ. എം. വി. ജയരാജൻ:*

„ *ടി. കെ. ദേവകുമാർ:*

„ *കെ. രാധാകൃഷ്ണൻ:*

„ *പിരപ്പൻകോട് മുരളി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾക്കാവശ്യമുള്ള മരുന്നുകൾ വാങ്ങുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ സെൻട്രൽ പർച്ചേസ് കമ്മിറ്റിയുടെ ഘടനയിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്;

(സി) പർച്ചേസ് കമ്മിറ്റി മരുന്നു വാങ്ങിയതിൽ ക്രമക്കേടുകൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് അന്വേഷണം പൂർത്തിയായോ;

(ഡി) പേവിഷ ചികിത്സയ്ക്ക് വാക്സിൻ വാങ്ങിയത് സംബന്ധിച്ച നിയമസഭ എസ്റ്റിമേറ്റ് കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(ഇ) സി. പി. സി. മരുന്ന് വാങ്ങുന്ന നടപടിക്രമം സുതാര്യമാക്കുന്നതിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) ഓപ്പൺ ടെണ്ടർ വിളിച്ച് മരുന്ന് വാങ്ങണമെന്ന കോടതി നിർദ്ദേശം പാലിക്കപ്പെട്ടിട്ടുണ്ടോ?

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ):*

(എ) ആരോഗ്യ വകുപ്പിലേക്കാവശ്യമായ മരുന്നും മറ്റ് അനുബന്ധ സാമഗ്രികളും വാങ്ങുന്ന പ്രക്രിയ കൂടുതൽ ശാസ്ത്രീയവും സുതാര്യവുമാക്കുന്നതിന് വേണ്ടി സംസ്ഥാനത്ത് ആദ്യമായി ഒരു മരുന്നു വാങ്ങൽ നയം 2004 ഒക്ടോബർ മാസത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് 2005-2006 മുതൽ മരുന്നും മറ്റ് അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ഈ നയപ്രകാരം ഫാർമസ്യൂട്ടിക്കൽ കമ്പനികൾ സെൻട്രൽ പർച്ചേസ് കമ്മിറ്റി മുൻപാകെ രജിസ്റ്റർ ചെയ്യേണ്ടതും അവയ്ക്ക് താഴെപ്പറയുന്ന മാനദണ്ഡങ്ങൾ ഉണ്ടായിരിക്കേണ്ടതുമാണ്:

(i) കമ്പനികൾക്ക് കുറഞ്ഞത് അഞ്ചു കോടി രൂപ വാർഷിക വിറ്റുവരുമാനവും കമ്പനിക്ക് മൂന്നു വർഷത്തേയും മരുന്നിന് ഒരു വർഷത്തേയും കുറഞ്ഞ മാർക്കറ്റ് സ്റ്റാൻഡിംഗെങ്കിലുമോ ഉണ്ടായിരിക്കുകയും വേണം.

(ii) ഡ്രഗ്സ് കൺട്രോളർ നൽകിയ ഡ്രഗ്സ് ലൈസൻസ് അല്ലെങ്കിൽ അംഗീകാരമുള്ള ഇറക്കുമതി സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണം.

(iii) ഗുഡ് മാനുഫാക്ചറിംഗ് സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണം.

(iv) നോൺ കൺവിക്ഷൻ സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണം.

(ബി) നിലവിലുള്ള സെൻട്രൽ പർച്ചേസ് കമ്മിറ്റി അംഗങ്ങൾക്ക് പുറമേ തിരുവനന്തപുരം, കോഴിക്കോട് എന്നീ ഫാർമസി കോളേജുകളിലെ ഫാർമസി അസിസ്റ്റന്റ് പ്രൊഫസർമാർ ഓരോ വർഷവും മാറി വരത്തക്കവണ്ണം കൺവീനറായി നിയമിക്കപ്പെട്ടിട്ടുണ്ട്.

(സി) 2002-2003 കാലയളവിൽ പേ വിഷബാധയ്ക്കെതിരായ വാക്സിൻ, ഹൈപ്പറ്റൈറ്റിസ് വാക്സിൻ എന്നിവ വാങ്ങിയതിൽ അഴിമതി ഉള്ളതായി ആരോപണം ഉണ്ടായിട്ടുണ്ട്. ഇതു സംബന്ധിച്ച വിജിലൻസ് അന്വേഷണം നടന്നുവരികയാണ്.

(ഡി) റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. വിജിലൻസ് അന്വേഷണം നടന്നുവരുന്നതിനാൽ എസ്റ്റിമേറ്റ് കമ്മിറ്റിയുടെ പ്രധാനപ്പെട്ട ശുപാർശകളിൻമേൽ വിജിലൻസ് അന്വേഷണ റിപ്പോർട്ട് കൂടി ലഭിച്ചതിനുശേഷം മാത്രമേ നടപടി കൈക്കൊള്ളുവാൻ കഴിയുകയുള്ളൂ. എന്നിരുന്നാലും വിജിലൻസ് അന്വേഷണ റിപ്പോർട്ടിന്റെ പരിധിയിൽ വരാത്ത ശുപാർശകൾ ആരോഗ്യ വകുപ്പ് ഡയറക്ടറുമായി ബന്ധപ്പെട്ട് പരിശോധിച്ചുവരുന്നു.

(ഇ) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവനുസരിച്ച് 31-3-2005 വരെ 2004-2005-ൽ നിലവിലുണ്ടായിരുന്ന റേറ്റ് കോൺട്രാക്റ്റ് പ്രകാരം മരുന്നും മറ്റ് അനുബന്ധ സാമഗ്രികളും വാങ്ങുകയുണ്ടായി. 1-4-2005 മുതൽ സർക്കാർ പ്രഖ്യാപിച്ച മരുന്നു വാങ്ങൽ നയപ്രകാരമാണ് ഇവ വാങ്ങിവരുന്നത്.

(എഫ്) ഈ ഹൈക്കോടതി ഉത്തരവിനെതിരെ 1984 മുതൽ പിൻതുടർന്ന് വരുന്ന റേറ്റ് കോൺട്രാക്റ്റ് സമ്പ്രദായത്തിന്റെ മേൻമകളും ഓപ്പൺ ടെണ്ടർ മുഖേന മരുന്നുകളും മറ്റ് അനുബന്ധ സാമഗ്രികളും വാങ്ങുന്നതിലുള്ള ബുദ്ധിമുട്ടുകളും, ചൂണ്ടിക്കാട്ടി സർക്കാർ അപ്പീൽ സമർപ്പിക്കുകയുണ്ടായി. ഈ അപ്പീലിൻമേൽ

LIBRARY ARCHIVES Kerala Legislative Assembly

ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിൽ 31-3-2005 വരെ നിലവിലുള്ള റേറ്റ് കോൺട്രാക്റ്റ് രീതി തുടരാൻ അനുവദിക്കുകയുണ്ടായി. 1-4-2005 മുതൽ മരുന്നു വാങ്ങൽ നയപ്രകാരമുള്ള സെൻട്രൽ പർച്ചേസ് കമ്മിറ്റി റേറ്റ് കോൺട്രാക്റ്റ് അനുസരിച്ചാണ് ഇവ വാങ്ങിവരുന്നത്.

സ്മാർട്ട് സിറ്റി പദ്ധതിയുടെ നേട്ടങ്ങൾ

*5 [4] *ശ്രീ. സാജു പോൾ:*

ഡോ. തോമസ് ഐസക്:

ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽ ആരംഭിക്കുന്ന സ്മാർട്ട് സിറ്റി പദ്ധതിയുമായി ബന്ധപ്പെട്ട് ദുബായ് ഇന്റർനെറ്റ് സിറ്റിയുമായി സർക്കാർ നടത്തിയ ചർച്ചയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) സ്മാർട്ട് സിറ്റി പദ്ധതി നടപ്പാക്കുന്നതിനായി ദുബായ് ഇന്റർനെറ്റ് സിറ്റിയുമായി സർക്കാർ ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ധാരണാപത്രത്തിലെ വ്യവസ്ഥയനുസരിച്ച് സർക്കാർ എന്തെല്ലാം കാര്യങ്ങളാണു ചെയ്തു കൊടുക്കാമെന്ന് സമ്മതിച്ചിട്ടുള്ളത് എന്നു പറയാമോ; ഇതു സംബന്ധിച്ച് നിയമ വകുപ്പ് കരട് തയ്യാറാക്കിയിട്ടുണ്ടോ;

(സി) സ്മാർട്ട് സിറ്റി പദ്ധതി നടപ്പിലാക്കുന്നതിന് എത്ര ഏക്കർ സ്ഥലമാണ് നൽകുന്നത്; ഇതിൽ സൗജന്യമായി നൽകുന്നതെത്ര;

(ഡി) സ്മാർട്ട് സിറ്റി പദ്ധതിയിൽ സർക്കാരിന് എത്ര ശതമാനം ഓഹരിയാണുള്ളത്;

(ഇ) സംസ്ഥാനത്തിന്റെ താൽപര്യം സംരക്ഷിക്കാൻ 9% ഓഹരി പര്യാപ്തമാണോ;

(എഫ്) സ്മാർട്ട് സിറ്റി പദ്ധതിക്കായി ദുബായ് ഇന്റർനെറ്റ് സിറ്റിയുമായി ഇതിനകം ഉണ്ടാക്കിയ കരാറുകളുടെ വിശദാംശം വെളിപ്പെടുത്തുമോ; പ്രസ്തുത കരാറുകളുടെ കോപ്പി ലഭ്യമാക്കുമോ;

(ജി) സ്മാർട്ട് സിറ്റി പദ്ധതി നടപ്പിലാക്കുന്നതിന് മുന്പ് പ്രതിപക്ഷ കക്ഷികളുടെ പ്രതിനിധികളുമായി ചർച്ച നടത്തിയിട്ടുണ്ടോ; പ്രസ്തുത ചർച്ചയിൽ എന്തെല്ലാം കാര്യങ്ങളിലാണ് തീരുമാനം ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(എച്ച്) സ്മാർട്ട് സിറ്റി പദ്ധതി നടപ്പിലായാൽ സംസ്ഥാനത്തിനുണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly